# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1181      20.01.2014 -ലെ മറുപടിയ്ക്ക്

### പുതിയ കോളേജുകൾ

ചോദ്യം
ശ്രീ. എം.പി.വിൻസെന്റ്

ഉത്തരം
ശ്രീ. പി.കെ. അബ്ദു റബ്ബ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പുതുതായി കോളേജ് അനുവദിക്കുന്ന നിയോജക മണ്ഡലങ്ങൾ ഏതെല്ലാം. | (എ) | സർക്കാർ / എയ്ഡഡ് മേഖലയിൽ ആർട്സ് & സയൻസ് കോളേജുകളില്ലാത്ത 22 നിയോജക മണ്ഡടലങ്ങളിൽ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജുകൾ അനുവദിക്കുമെന്നാണ് ബഹു. ധന: മന്ത്രിയുടെ ബജറ്റ് പ്രസംഗത്തിന്റെ മറുപടി പ്രസംഗത്തിൽ അറിയിച്ചിരുന്നത് . അതിൻപ്രകാരം പയ്യന്നൂർ, ബാലുശ്ശേരി, കൊടുവള്ളി, മങ്കട,വേങ്ങര, തൃത്താല, ചേലക്കര, കാട്ടാക്കട, നെയ്യാറ്റിൻകര, താനൂർ, കൊണ്ടോട്ടി, തലശ്ശേരി എന്നീ 12 നിയോജക മണ്ഡലങ്ങളിലാണ് പുതിയ ആർട്സ് & സയൻസ് കോളേജ് അനുവദിച്ചത്. |
| (ബി) | ഒല്ലൂർ മണ്ഡലത്തിൽ പുതിയ കോളേജ് അനുവദിക്കുന്നത് ഏതു ഘട്ടത്തിലാണ് ? | (ബി) | ഒല്ലൂർ അസംബ്ലി നിയോജക മണ്ഡലത്തിൽ പുതിയ സർക്കാർ കോളേജ് ആരംഭിക്കുന്നതിലേക്കായി ലഭിച്ച പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ച് വരുകയാണ്. സർക്കാരിന്റെ ചെലവ് ചുരുക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ഇപ്പോൾ നിലവിലുള്ളതിനാൽ ഇക്കാര്യത്തിൽ നയപരമായ തീരുമാനം കൈക്കോള്ളേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ